


# വാർഷിക റിപ്പോർട്ട്

# 2011-12

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
മുളങ്കുന്നത്തുകാവ്, തൃശ്ശൂർ-680581



# കിലയുടെരൂപീകരണം

1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മസ്ഥാപന രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്വയംഭരണസ്ഥാപനമാണ് കില. 1987 ജനുവരി 31-ന് മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ കിലയുടെ ശിലാസ്ഥാപനം നിർവഹിച്ചു. 1990 ജൂൺ 16-ന് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ കിലയുടെ പ്രവർത്തനം ഉദ്ഘാടനം ചെയ്തു. തദ്ദേശഭരണ വകുപ്പ് മന്ത്രി ശ്രീ. വി.ജെ. തങ്കപ്പന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനത്തിൽ കേന്ദ്ര ഗ്രാമവികസന സഹമന്ത്രി ശ്രീ. കെ. ഉപേന്ദ്ര വർമ്മ പരിശീലന ഹോസ്റ്റലിന്റെ ഉദ്ഘാടനവും നിർവഹിച്ചു.

## കിലയുടെ ലക്ഷ്യങ്ങൾ

### പ്രത്യേക ലക്ഷ്യങ്ങൾ

- പഞ്ചായത്ത് വകുപ്പിലെയും തദ്ദേശ സ്ഥാപനങ്ങളിലെയും പ്രവർത്തകർക്കും നിയമസഭാ അംഗങ്ങൾ, പാർലമെന്റ് അംഗങ്ങൾ, പഞ്ചായത്തു പ്രസിഡന്റുമാർ മുതലായ അനുദ്യോഗസ്ഥർക്കും വേണ്ടി പരിശീലന പ്രവർത്തനങ്ങളും സമ്മേളനങ്ങളും പണിപ്പുരകളും സംഘടിപ്പിക്കുന്നതിന് സഹായിക്കുകയും ഏറ്റെടുത്ത് നടത്തുകയും ചെയ്യുക.
- പഞ്ചായത്തുകളുടേയും മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളുടേയും കർമ്മ പരിപാടികൾ നടപ്പിൽ വരുത്തുന്നതിൽ നേരിടേണ്ടി വരുന്ന പ്രത്യേക പ്രശ്നങ്ങളെ വിശകലനം ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.
- പഞ്ചായത്ത്രാജ് - തദ്ദേശഭരണ കാര്യങ്ങളിൽ സർക്കാരിന് ആവശ്യമായ ഉപദേശ-നിർദ്ദേശങ്ങൾ നൽകുക.
- ഹൈദരാബാദിലെ ദേശീയ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ (NIRD)മാതൃകയിലുള്ള ഒരു ദേശീയ സ്ഥാപനമായി വളർത്തുക.
- പഠനം, പരിശീലനം, ഗവേഷണം, മൂല്യനിർണയം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നതിനായുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.
- ഇന്ത്യയിലും വിദേശത്തുമുള്ള സമാന താൽപര്യമുള്ള മറ്റ് സ്ഥാപനങ്ങളും സമൂഹങ്ങളും സംഘടനകളുമായി സഹകരിക്കുകയും കിലയുടെ ലക്ഷ്യങ്ങൾക്കനുസൃതമായ രീതിയിലുള്ള പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെല്ലോഷിപ്പുകളും സ്കോളർഷിപ്പുകളും സമ്മാനങ്ങളും ഏർപ്പെടുത്തുക.


## ഉള്ളടക്കം



1. ആമുഖം
2. കർമ്മ പരിപാടി

2.1.0. പരിശീലനങ്ങൾ സംസ്ഥാനതല പരിശീലനം
2.1.1.1. പ്രാദേശികാസൂത്രണം
2.1.1.2. പ്രാദേശികഭരണം
2.1.1.3. സദ്ഭരണം
2.1.1.4. പ്രാദേശികവികസനം
2.1.1.5. പ്രാദേശിക ജനാധിപത്യം
2.1.1.6. ധനപരിപാലനം
2.1.1.7. വൈദഗ്ദ്ധ്യ വികസനം
2.1.1.8. പ്രത്യേക വിഭാഗങ്ങൾ
2.1.2. ദേശീയ പരിശീലനങ്ങൾ/അന്തർദേശീയ പരിശീലനങ്ങൾ

2.2. ഗവേഷണം
2.3. സെമിനാർ/ശില്പശാലകൾ
2.4. നയപരമായ രേഖ ചമക്കൽ
2.5. പ്രാദേശിക ഭരണ സംവിധാനങ്ങളുടെ പരിപോഷണം
2.6. മറ്റുള്ളവ
2.7. വിജ്ഞാന വ്യാപന സംവിധാനങ്ങൾ
2.8. ഇന്റേൺഷിപ്പ്
2.9. കില ഡയറക്ടർ, ഫാക്കൽട്ടി അംഗങ്ങൾ പങ്കെടുത്ത പരിശീലനങ്ങൾ/ശില്പശാലകൾ
2.10. കില ഫാക്കൽട്ടി അംഗങ്ങളുടെ ലേഖനങ്ങൾ

3.0. കില സഹായ സംവിധാനങ്ങൾ
3.1. ഭരണ നിർവ്വഹണം
3.2. കില - സ്ഥാപനഘടന
3.3. കിലയിലെ നിലവിലുള്ള ജീവനക്കാരുടെ വിശദാംശം
3.4. 2011-12 വർഷത്തിലെ പശ്ചാത്തല സൗകര്യ വികസനങ്ങൾ
3.5. ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്




*പ്രാദേശിക ജനാധിപത്യവിഭാഗം പരിശീലനത്തിന്റെ കീഴിൽ 152ബ്ലോക്കുകളിലായി 2052256 പേർ പങ്കെടുത്ത ബഹുജന ബോധവത്കരണ പരിപാടിയുടെ കണക്ക് ഉൾപ്പെടുത്തിയിട്ടില്ല


# വാർഷിക റിപ്പോർട്ട്


(2011 ഏപ്രിൽ മുതൽ 2012 മാർച്ച് വരെ)

## 1. ആമുഖം

കില'യെ സംബന്ധിച്ച് ഒരു നിർണ്ണായക വർഷമാണ് 2011-12. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് 2010 ഒക്ടോബറിൽ നടന്ന തെരഞ്ഞെടുപ്പിലൂടെ ചുമതലയേറ്റ ജനപ്രതിനിധികൾക്കുള്ള ഊർജ്ജിത പരിശീലനം നിർവ്വഹിക്കുന്നതോടൊപ്പം പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-2017) കാലയളവിലേക്കുള്ള മുന്നൊരുക്കങ്ങൾ നടത്തുകയെന്ന ദൗത്യവും നിറവേറ്റിയ വർഷമാണ് 2011-12. കിലയുടെ പ്രവർത്തനങ്ങൾ പ്രധാനമായും - പരിശീലനം, ഗവേഷണം, സെമിനാർ/ശില്പശാലകൾ, നയരേഖ ചമയ്ക്കൽ, പ്രാദേശിക ഭരണസംവിധാനങ്ങളുടെ പരിപോഷണം എന്നീ അഞ്ച് മേഖലകളിലാണ്. കൂടാതെ ഇതര സ്ഥാപനങ്ങളുമായി 'നെറ്റ്‌വർക്കിംഗും' തുടർന്നുവരുന്നു. പതിനൊന്നാം പദ്ധതി ലക്ഷ്യങ്ങൾക്കനുസൃതമായി ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിലേക്കായി ജനപ്രതിനിധികളുടേയും, ഉദ്യോഗസ്ഥരുടേയും, സാമൂഹ്യ-സന്നദ്ധ-സാങ്കേതിക വിദഗ്ദ്ധരുടേയും പൊതുസമൂഹത്തിന്റെയും കാര്യപ്രാപ്തി വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പരിശീലനമാണ് ഈ വർഷം 'കില' സംഘടിപ്പിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പ് പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വിവക്ഷിച്ച പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനായി സദ്ഭരണം, പ്രാദേശിക ജനാധിപത്യം, ശാസ്ത്രീയമായ അക്കൗണ്ടിംഗ്, നേതൃത്വപാടവം തുടങ്ങിയ വിഷയങ്ങളിലായിരുന്നു 'കില'യുടെ പരിശീലന മുൻഗണന. അമ്പത്തിനാല് ശതമാനത്തോളം ജനപ്രതിനിധികൾ വനിതകൾ ആയതിനാലും മുൻകാലയളവിനെ അപേക്ഷിച്ച് പുതിയ നിര ജനപ്രതിനിധികളുടെ രംഗപ്രവേശവും പരിഗണിച്ച് പ്രത്യേക പരിശീലന പരിപാടികളും 'കില' സംഘടിപ്പിച്ചു. പ്രസ്തുത വർഷം 539 ഇനം പരിശീലന പരിപാടികളിലൂടെ 16,462 ബാച്ചുകളിലായി 22,13,430 പേരെ പരിശീലിപ്പിക്കാൻ കഴിഞ്ഞത് കിലയുടെ ചരിത്രത്തിലെ അതുല്ല്യനേട്ടമാണ്. പന്ത്രണ്ടാം പദ്ധതിയുടെ മുന്നോടിയായി നയരേഖകൾ ചമയ്ക്കുന്നതിൽ, പ്രത്യേകിച്ചും പദ്ധതി ആസൂത്രണ മാർഗ്ഗരേഖ, ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ, പ്രോജക്ട് ഫോറങ്ങളുടെ പരിഷ്ക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് കില നിർണ്ണായക പങ്കുവഹിച്ചു. കൂടാതെ പ്രാദേശിക ഭരണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള പരിപോഷണ പ്രവർത്തനങ്ങളും 'കില' നിർവ്വഹിച്ചുപോന്നു.

പരിശീലന പരിപാടികൾ ഫലപ്രദമാക്കാൻ മുതിർന്നവർക്കുള്ള പഠന തത്വങ്ങളിൽ അധിഷ്ഠിതമായി പങ്കാളിത്ത പരിശീലന രീതിശാസ്ത്രമാണ് കില അനുവർത്തിച്ചത്. ആയതിലേക്ക് എക്സ്റ്റൻഷൻ ഫാക്കൽറ്റി അംഗങ്ങൾക്കായി പങ്കാളിത്ത അവതരണശൈലി സംബന്ധിച്ച് പരിശീലക പരിശീലനം കില സംഘടിപ്പിച്ചു. പരിശീലനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിലേക്കായി ചിട്ടയും ശാസ്ത്രീയവുമായ രീതിയിൽ പാഠ്യപദ്ധതി തയ്യാറാക്കുന്ന സമീപനം (Module Approach) കിലയുടെ മാത്രം പ്രത്യേകതയാണ്. പരിശീലനാവശ്യകത നിർണ്ണയ (Training Need Assessment) പ്രക്രിയയിലൂടെ പ്രവർത്തന വിടവുകൾ കണ്ടെത്തി, അവ പരിഹരിക്കുന്നതിന് സഹായകമായ പരിശീലന പരിപാടികൾ പങ്കാളിത്തരീതിയിലാണ് രൂപകല്പന ചെയ്യുന്നത്. എല്ലാ പരിശീലനങ്ങൾക്കും സെഷൻ പ്ലാൻ, അവതരണ ഉപാധികൾ, അവതരണ കുറിപ്പ് എന്നിവ ഉൾപ്പെടുത്തിയുള്ള വിശദമായ പാഠ്യപദ്ധതിയാണ് കില തയ്യാറാക്കുന്നത്. പരിശീലന ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളുടെ ഉപയോഗവും കില നിഷ്കർഷിക്കുന്നുണ്ട്. പരിശീലനങ്ങളുടെ ഫലപ്രാപ്തി ഉറപ്പുവരുത്താൻ പരിശീലനാർത്ഥികളെകൊണ്ട് കർമ്മപരിപാടികൾ തയ്യാറാക്കി, അവയുടെ മോണിറ്ററിംഗും കില നടത്തുന്നു. വൻതോതിൽ പരിശീലനാർത്ഥികളെ പങ്കെടുക്കേണ്ടതായ പരിശീലനങ്ങൾ വികേന്ദ്രീകൃത പരിശീലന സംവിധാനത്തിലൂടെ (Decentralised Training System) ജില്ലാ/ഉപജില്ലാ തലങ്ങളിലും അല്ലാതെയുള്ളവ സ്ഥാപന തലത്തിലും (കിലയിൽ) സംഘടിപ്പിക്കുന്നു. കിലയുടെ വികേന്ദ്രീകൃത പരിശീലന സംവിധാനവും എക്സ്റ്റൻഷൻ ഫാക്കൽട്ടികളെ സജ്ജമാക്കുന്ന രീതിയും ഇതര പരിശീലന സ്ഥാപനങ്ങൾക്ക് മാതൃകയാണ്. കാര്യപ്രാപ്തി വികസനത്തിൽ ഉദാത്ത മാതൃകയായ 'കില'യെ കൽപ്പിത സർവ്വകലാശാലയാക്കാനുള്ള സർക്കാർ തീരുമാനം പ്രാദേശിക ഭരണത്തിൽ പ്രത്യേക ശ്രദ്ധകേന്ദ്രീകരിച്ചുള്ള ഉന്നതതല അക്കാദമിക പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കും. ബാഹുല്യമായ പരിശീലന പരിപാടികളോടൊപ്പം കൽപ്പിത സർവ്വകലാശാലയുടെ മുന്നൊരുക്കങ്ങൾക്കും കില പ്രത്യേക ശ്രദ്ധപതിപ്പിച്ചു.




**പ്രാദേശിക ജനാധിപത്യവിഭാഗം പരിശീലനത്തിന്റെ കീഴിൽ 152 ബ്ലോക്കുകളിലായി 2052256 പേർ പങ്കെടുത്ത ബഹുജന ബോധവത്കരണ പരിപാടിയുടെ കണക്ക് ഉൾപ്പെടുത്തിയിട്ടില്ല.*

# 2. കർമ്മ പരിപാടികൾ

കില 2011-12 വർഷത്തിൽ നിർവ്വഹിച്ച കർമ്മപരിപാടികളുടെ ബാഹുല്യം ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങളിൽ നിന്നും വ്യക്തമാകും.

**ഒറ്റനോട്ടത്തിൽ**

2.1. പരിശീലനം

2.1.1. സംസ്ഥാനതല പരിശീലനങ്ങൾ

- പ്രാദേശിക ആസൂത്രണം
- പാദേശിക ഭരണം
- സദ്ഭരണം
- പ്രാദേശിക വികസനം
- പ്രാദേശിക ജനാധിപത്യം
- ധനമാനേജ്മെന്റ്
- വൈദഗ്ദ്ധ്യ നൈപുണ്യ വികസനം
- പ്രത്യേക വിഭാഗങ്ങൾ

2.1.2. ദേശീയ/അന്തർദേശീയ പരിശീലനങ്ങൾ


2.2. ഗവേഷണം


2.3. സെമിനാർ/ശില്പശാലകൾ

2.4. നയരേഖ ചമയ്ക്കൽ

2.5 പ്രാദേശിക ഭരണ സംവിധാനങ്ങ ളുടെ പരിപോഷണം


- സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (SRG)
- ഹെൽപ്പ് ഡെസ്ക്
- സംസ്ഥാനതല സാങ്കേതിക സമിതി
- ചൈൽഡ് റിസോഴ്സ് സെന്റർ
- എസ്.സി/എസ്.റ്റി. സർവ്വേ സെൽ
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ അസോസിയേഷനുകൾ



ദേശീയ പരിശീലനങ്ങൾ
പങ്കാളികൾ
മനുഷ്യദിനങ്ങൾ
250
200
150
100
50
0
കർണ്ണാടക
രാജസ്ഥാൻ
മഹാരാഷ്ട്ര
ഛത്തീസ്ഗഡ്
ജമ്മുകാശ്മീർ
ലക്ഷദ്വീപ്
ഗോവ
എൻ.ഐ.ആർ.ഡി
ഐ.എ.എസ് ഓഫീസേഴ്സ്


അന്തർദേശീയ പരിശീലനങ്ങൾ
പങ്കാളികൾ
മനുഷ്യ ദിനങ്ങൾ
90
80
70
60
50
40
30
20
10
0
ശ്രീലങ്കൻ സംഘം
ഇറ്റാലിയൻ സംഘം
ഭൂട്ടാൻ സംഘം


## 2.1.0.പരിശീലനങ്ങൾ ഒറ്റനോട്ടത്തിൽ


| ക്രമ നമ്പർ | പരിശീലന പരിപാടി | ബാച്ചുകൾ | പങ്കാളിത്തം |
|---|---|---|---|
| 2.1.1.1. | **പ്രാദേശികാസൂത്രണം** | | |
| (i) | മാതൃകാ പദ്ധതികൾ കണ്ടെത്തൽ - പഞ്ചായത്തിൽ നിന്ന് പഞ്ചായത്തിലേക്ക്<br>(a) സംസ്ഥാനതലം | 13 | 410 |
| | (b) അന്തർ സംസ്ഥാനം | 6 | 148 |
| (ii) | നീർത്തട വികസനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം | 12 | 624 |
| (iii) | കുട്ടികളുടെ സമഗ്ര വികസനം - പരിശീലനം | 61 | 2197 |
| (iv) | പട്ടികവർഗ്ഗ ഉപപദ്ധതി (ടി.എസ്.പി.) യിൽ ഊരുമൂപ്പൻ മാർക്ക് പരിശീലനം | 4 | 900 |
| 2.1.1.2. | **പ്രാദേശികഭരണം** | | |
| (i) | പൊതുഭരണം - തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി കൾക്കുള്ള പരിശീലനം | 5 | 232 |
| (ii) | പ്രോജക്ട് മാനേജ്മെന്റ് - നഗരസഭ ചെയർമാന്മാർക്കാ യുള്ള പരിശീലനം | 1 | 70 |
| (iii) | ഖരമാലിന്യ സംസ്കരണം - നഗരസഭാ ചെയർമാ ന്മാർക്കും വൈസ്ചെയർമാന്മാർക്കും പരിശീലനം | 1 | 75 |
| (iv) | വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗര സഭാ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശീലനം | 4 | 138 |
| (v) | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗര സഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശീലനം | 3 | 103 |
| (vi) | പ്രാദേശിക ഭരണത്തിൽ - ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാർക്ക് ഇന്റക്ഷൻ പരിശീലനം | 3 | 106 |
| (vii) | പഞ്ചായത്ത്രാജിൽ ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാർക്ക് ഇന്റക്ഷൻ പരിശീലനം | 8 | 416 |
| (viii) | പഞ്ചായത്ത്രാജിൽ വി.ഇ.ഒ. മാർക്ക് ഇന്റക്ഷൻ പരിശീലനം | 6 | 461 |
| 2.1.1.3. | **സദ്ഭരണം** | | |
| (i) | സദ്ഭരണം - നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പരിശീ ലനം | 99 | 13118 |


ഗ്രാമസഭാ പരിശീലന പങ്കാളിത്തം
250000
200000
150000
100000
50000
0
തിരുവനന്തപുരം
കൊല്ലം
പത്തനംതിട്ട
ആലപ്പുഴ
കോട്ടയം
ഇടുക്കി
എറണാകുളം
തൃശ്ശൂർ
പാലക്കാട്
മലപ്പുറം
കോഴിക്കോട്
വയനാട്
കണ്ണൂർ
കാസർഗോഡ്



ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും - ഗ്രാമപഞ്ചായത്തുതല പരിശീലനം
80
70
60
50
40
30
20
10
0
ഗ്രാമ പഞ്ചാ അക്കൗണ്ടന്റ്, ക്ലാർക്ക്
ഗ്രാമ പഞ്ചാ സെക്രട്ടറി
ഗ്രാമ പഞ്ചാപ്രസിഡന്റ്/വൈസ് പ്രസിഡന്റ്
ആകെ ബാച്ചുകൾ


| | | | |
|---|---|---|---|
| 2.1.1.4. | **പ്രാദേശികവികസനം** | | |
| (i) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് പരിശീലനം | 4 | 202 |
| (ii) | കാർഷിക യന്ത്രവൽക്കരണം - കൃഷി ഓഫീസർമാർക്ക് പരിശീലനം | 1 | 17 |
| (iii) | പൊതുമരാമത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കുള്ള ഇന്റക്ഷൻ പരിശീലനം | 3 | 64 |
| (iv) | നീർത്തട വികസനം - കൃഷി അസിസ്റ്റന്റുമാർക്ക് പരിശീലനം | 9 | 433 |
| (v) | കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം | 2 | 52 |
| (vi) | ജി.ഐ.എസിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം | 1 | 14 |
| (vii) | കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പദ്ധതി പരിശീലനം (KLGSDP) | 14 | 2115 |
| 2.1.1.5. | **പ്രാദേശിക ജനാധിപത്യം** | | |
| (i) | ഗ്രാമസഭ/വാർഡ്സഭ ശാക്തീകരണം - ഗ്രാമസഭ/വാർഡ്സഭ അംഗങ്ങൾക്ക് പരിശീലനം | 14440 | 2052256 |
| (ii) | ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം | 6 | 532 |
| (iii) | ഗ്രാമപഞ്ചായത്തിലെ ഹെൽപ്ഡെസ്ക് അംഗങ്ങൾക്കുള്ള പരിശീലനം | 5 | 271 |
| 2.1.1.6. | **പരിപാലനം** | | |
| (i) | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് പരിശീലനം | 2 | 66 |
| (ii) | ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം | 5 | 137 |
| (iii)a | ഡബിൾ എൻട്രി അക്കൗണ്ടിംഗ് - അടിസ്ഥാന കാര്യങ്ങൾക്ക് പരിശീലനം | 17 | 817 |
| b | ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും - പഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം | 110 | 2381 |
| (iv) | ഡബിൾ എൻട്രി അക്കൗണ്ടിംഗ് - പെർഫോർമൻസ് ഓഡിറ്റ് അംഗങ്ങൾക്കുള്ള പരിശീലനം | 9 | 433 |
| (v) | ധനപരിപാലനത്തിൽ എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ അക്കൗണ്ടന്റുമാർക്ക് പരിശീലനം | 1 | 208 |


ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും - ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധി കൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം
പങ്കാളികൾ
മനുഷ്യ ദിനങ്ങൾ
4884
1499
1470
490
400
400
ഗ്രാമ പഞ്ചാ അക്കൗ ണ്ടന്റ്, ക്ലാർക്ക്
ഗ്രാമ പഞ്ചാ സെക്രട്ടറി
ഗ്രാമ പഞ്ചാപ്രസി ഡന്റ്/വൈസ് പ്രസിഡന്റ്


ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും - ബ്ലോക്ക് പഞ്ചായത്തുകളിലെ ജനപ്രതിനി ധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം
300
250
200
150
100
50
0
ബ്ലോക്ക് പഞ്ചാ ഉദ്യോഗസ്ഥർ
ബ്ലോക്ക് പഞ്ചാ പ്രസിഡന്റ്/വൈസ് പ്രസി ഡന്റ്
പങ്കാളികൾ
മനുഷ്യ ദിനങ്ങൾ

| | | | |
|---|---|---|---|
| 2.1.1.7. | **വൈദഗ്ദ്ധ്യ വികസനം** | | |
| (i) | പരിശീലക പരിശീലനം (ToT) | 4 | 85 |
| (ii) | വനിതാ ജനപ്രതിനിധികൾക്ക് നേതൃത്വശേഷി വികസന പരിശീലനം (Leadership Training) | 56 | 2000 |
| (iii) | യുവ ജനപ്രതിനിധികൾക്ക് നേതൃത്വശേഷി വികസന പരിശീലനം | 11 | 353 |
| (iv) | സർട്ടിഫിക്കറ്റ് കോഴ്സിൽ വിജയിച്ചവർക്കുള്ള റിഫ്രഷർ പരിശീലനം | 2 | 116 |
| (v) | നഗരസഭാ വനിതാ ജനപ്രതിനിധികളുടെ നേതൃത്വ പരിശീലനം | 16 | 619 |
| 2.1.1.8. | **പ്രത്യേക വിഭാഗങ്ങൾ** | | |
| (i) | എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി - പ്രോജക്ട് മാനേജ്മെന്റ് പരിശീലനം | 1 | 54 |
| (ii) | ഫീൽഡ്തല ആസൂത്രണം - എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി പരിശീലനം | 9 | 569 |
| (iii) | എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കൗൺസിലർമാർക്കുള്ള പരിശീലനം | 1 | 22 |
| (iv) | ഫീൽഡ്തല പ്രവർത്തകർക്ക് എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിൽ പരിശീലനം | 1 | 208 |
| (v) | എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കമ്മ്യൂണിറ്റി വർക്കർമാർക്കുള്ള പരിശീലനം | 42 | 1153 |
| (vi) | എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിൽ പുതുതായി നിയമിതരായവർക്കുള്ള പരിശീലനം | 1 | 8 |
| 2.1.2.(i) | **ദേശീയ പരിശീലനങ്ങൾ** | 12 | 248 |
| 2.1.2.(ii) | **അന്തർദേശീയ പരിശീലനങ്ങൾ** | 4 | 69 |
| 2.3.1.9. | **പരിശീലക പരിശീലനം, ശില്പശാലകൾ** | 1446 | 128930 |
| | **ആകെ** | **16,462** | **22,13,430** |


ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും - ജില്ലാ പഞ്ചായത്തുകളിലെ ജനപ്രതിനിധി കൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം
180
160
140
120
100
80
60
40
20
0
ജില്ലാ പഞ്ചാ ഉദ്യോഗസ്ഥർ
ജില്ലാ പഞ്ചാ പ്രസിഡന്റ്/വൈസ് പ്രസി ഡന്റ്
പങ്കാളികൾ
മനുഷ്യ ദിനങ്ങൾ


കിലയുടെ വരവ് ചെലവ് കണക്കുകൾ
(2002- 03 മുതൽ 2011-12 വരെ) രൂപ ലക്ഷത്തിൽ
2,500
2,000
1,500
1,000
500
0
2002-03
2003-04
2004-05
2005-06
2006-07
2007-08
2008-09
2009-10
2010-2011
2011-2012
വരവ്
ചെലവ്

# 2.1.0. പരിശീലനങ്ങൾ - സംസ്ഥാനതല പരിശീലനം

## 2.1.0.1. പ്രാദേശികാസൂത്രണം

### (I) മാതൃകാ പദ്ധതികളുടെ ആവിഷ്ക്കരണം - പഞ്ചായത്തിൽ നിന്ന് പഞ്ചായത്തിലേക്ക് - ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം

വയനാട്, പാലക്കാട് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബി.ആർ.ജി.എഫ്. (Backward Region Grant Fund) പദ്ധതി പ്രകാരം നൂതന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുതകുന്ന ആശയങ്ങൾ സ്വരൂപിക്കുന്നതിനായി കില 'പഞ്ചായത്തിൽ നിന്നും പഞ്ചായത്തിലേക്ക്' എന്ന പരിശീലന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. പ്രവർത്തനങ്ങൾ കണ്ട് പഠിക്കുക (Learning through seeing) എന്ന പരിശീലന രീതിയാണ് അവലംബിച്ചത്. അനുകരണീയ മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള പഞ്ചായത്തുകളിലേക്ക് പഠന സന്ദർശനം വഴി നവീന ആശയങ്ങൾ പരിശീലന പങ്കാളികൾക്ക് പകരുകയായിരുന്നു ലക്ഷ്യം. സംസ്ഥാന അന്തർ സംസ്ഥാനങ്ങളിലേക്കും ഈ പരിപാടി സംഘടിപ്പിച്ചു. ബി.ആർ.ജി.എഫ്. ജില്ലകളിലെ ആകെ 51 ഗ്രാമപഞ്ചായത്തിൽ നിന്നുള്ളവർ പരിശീലനത്തിൽ പങ്കെടുത്തു.

**(എ) സംസ്ഥാനത്തിനകത്ത്**

സംസ്ഥാനത്തിനകത്തെ മാതൃകാ പദ്ധതികളുടെ ആവിഷ്കാരവുമായി ബന്ധപ്പെട്ട് സംസ്ഥാനതല പരിശീലനം അടാട്ട് ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ചാണ് സംഘടിപ്പിച്ചത്. സ്വരാജ് ട്രോഫി ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയ അടാട്ട് ഗ്രാമപഞ്ചായത്ത് വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്ന സംരംഭങ്ങൾ നേരിൽ കണ്ട് അതിന്റെ നേട്ടങ്ങൾ പരിശീലനാർത്ഥികൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. പഠന സന്ദർശനത്തിലൂടെ ആർജ്ജിച്ച അറിവ് ഉപയോഗപ്പെടുത്തി തങ്ങളുടെ ഗ്രാമപഞ്ചായത്തിൽ പ്രാവർത്തികമാക്കുവാനുള്ള കർമ്മപരിപാടി പരിശീലനത്തിന്റെ ഭാഗമായി പരിശീലനാർത്ഥികൾ തയ്യാറാക്കി. അവയുടെ പുരോഗതി അടുത്ത വർഷം വിലയിരുത്തും.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ (ഓരോ പഞ്ചായത്തിൽ നിന്നും 10 പേരുടെ സംഘം) | 2011 ഡിസംബർ മുതൽ ജനുവരി വരെ | 3 ദിവസം | 13 | 410 | 1230 |

**(ബി) അന്തർ സംസ്ഥാനങ്ങളിലേക്ക്**

അന്തർസംസ്ഥാന പഠനയാത്ര മൂന്നു ഘട്ടങ്ങളിലായി വ്യത്യസ്ത കേന്ദ്രങ്ങളിലേക്കാണ് സംഘടിപ്പിച്ചത്. ഒന്നാം ഘട്ടത്തിൽ, തമിഴ്നാട്ടിലെ ശ്രീപെരുമ്പത്തൂരിലുള്ള രാജീവ്ഗാന്ധി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് യൂത്ത് ഡെവലപ്മെന്റ് (RGNIYD) എന്ന സ്ഥാപനവുമായി സഹകരിച്ച് തമിഴ്നാട്ടിലെ ഗ്രാമപഞ്ചായത്തുകൾ സന്ദർശിച്ചു. രണ്ടാം ഘട്ടത്തിൽ, മൈസൂർ സിറ്റി കോർപ്പറേഷന്റെ കീഴിലുള്ള മാലിന്യ സംസ്കരണ പ്ലാന്റ് സന്ദർശിച്ചു. മൂന്നാം ഘട്ടത്തിൽ, കർണ്ണാടകത്തിലെ മൈകാപ്സ് (MYKAPS) എന്ന സ്ഥാപനത്തിന്റെ സഹകരണത്തോടെ എച്ച്.ഡി. കോട്ടയിൽ നീർത്തട വികസനവുമായി ബന്ധപ്പെട്ട് കർണ്ണാടകത്തിലെ ഗ്രാമപഞ്ചായത്തുകളുടെ നീർത്തട വികസന പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുകയുണ്ടായി.



കില-യൂണിസെഫ് ചൈൽഡ് റിസോഴ്സ് സെന്റർ (CRC) കില കാമ്പസിൽ ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഉത്ഘാടനം ചെയ്യുന്നു.



ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കുള്ള ഊർജ്ജസംരക്ഷണ സംസ്ഥാന ശില്പശാല ബഹു. കേന്ദ്ര ഊർജ്ജ വകുപ്പ് സഹ. മന്ത്രി ശ്രീ. കെ.സി. വേണുഗോപാൽ കിലയിൽ ഉത്ഘാടനം ചെയ്യുന്നു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പ്രസിഡന്റ്, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ, കൃഷി ഓഫീസർ (ഓരോ പഞ്ചായത്തിൽ നിന്നും 3 പേരുടെ സംഘം) | 2012 ജനുവരി - മാർച്ച് | 3 ദിവസം | 6 | 148 | 444 |

### (ii) നീർത്തട വികസനത്തിൽ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം

ഗ്രാമപഞ്ചായത്തുകളിൽ നീർത്തട വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ കാര്യശേഷി വികസനത്തിനായി വയനാട്, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ വച്ച് പരിശീലനം സംഘടിപ്പിച്ചു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ, ഉദ്യോഗസ്ഥർ, കർഷകർ, ജനപ്രതിനിധികൾ | 2011 ജൂൺ - ആഗസ്റ്റ് | 3 ദിവസം | 12 | 624 | 1872 |

### (iii) കുട്ടികളുടെ സമഗ്ര വികസനം – പരിശീലനം

കുട്ടികളുടെ സമഗ്ര വികസനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ തൃശൂർ, മലപ്പുറം, പാലക്കാട്, വയനാട്, കാസറഗോഡ് എന്നീ അഞ്ച് ജില്ലകളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പരിശീലനം സംഘടിപ്പിച്ചത്

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ത്രിതല പഞ്ചായത്തുകളിലെ പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻ, കൺവീനർ | 2011 ഒക്ടോബർ – ഡിസംബർ | 2 ദിവസം | 61 | 2197 | 4394 |




മാതൃകാ അംഗൻവാടി ബഹു. പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ കില കാമ്പസിൽ ഉത്ഘാടനം ചെയ്യുന്നു.




ജമ്മുകാശ്മീരിൽ നിന്നുള്ള ഉദ്യോഗസ്ഥർക്കുള്ള പരിശീലക പരിശീലനം കിലയിൽ ബഹു. പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ ഉത്ഘാടനം ചെയ്യുന്നു.

### (iv) പട്ടികവർഗ്ഗ ഉപദ്ധതി (ടി.എസ്.പി.)യിൽ ഊരുമൂപ്പൻമാർക്ക് പരിശീലനം

വയനാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പ്രത്യേക വിഭാഗങ്ങൾക്കായി (വയോജനം, ഭിന്നശേഷി, പട്ടികജാതി, പട്ടികവർഗ്ഗം) വികസന പരിപ്രേക്ഷ്യം തയ്യാറാക്കുന്ന പദ്ധതിക്ക് കില അക്കാദമിക് സഹായം നൽകുന്നുണ്ട്. അതിലൊരു വിഭാഗമാണ് പട്ടികവർഗ്ഗം. ഇവരുടെ ഉന്നമനം ലക്ഷ്യമിട്ട് തയ്യാറാക്കുന്ന പരിപ്രേക്ഷ്യരേഖയുടെ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും അതിനോടനുബന്ധിച്ച് പട്ടികവർഗ്ഗ ഉപപദ്ധതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ബൃഹത്തായ പരിശീലന പരിപാടി കില രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ട പരിശീലനമാണ് ജില്ലയിലെ 11 കേന്ദ്രങ്ങളിലായി സംഘടിപ്പിച്ചത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലന് | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ആദിവാസി ഊരുമൂപ്പന്മാരും ട്രൈബൽ പ്രൊമോട്ടർമാരും | 2012 മാർച്ച് | 2 ദിവസം | 4 | 900 | 1800 |

## 2.1.0.2. പ്രാദേശികഭരണം

### (i) പൊതുഭരണം – തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കുള്ള പരിശീലനം

ഗ്രാമപഞ്ചായത്തുകളിലേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അവരുടെ കാര്യശേഷി വികസനത്തിന് ഉതകുന്ന പരിശീലനം കഴിഞ്ഞ വർഷം (2010-11) കില സംഘടിപ്പിക്കുകയുണ്ടായി. പ്രസ്തുത വർഷത്തിലെ പരിശീലനത്തിൽ പങ്കെടുക്കാൻ കഴിയാത്തവർക്കായി ഈ വർഷം പരിശീലനം സംഘടിപ്പിച്ചു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മെമ്പർമാർ | 2011 ജൂൺ-ജൂലൈ | 3 ദിവസം | 5 | 232 | 696 |

### (ii) പ്രോജക്ട് മാനേജ്മെന്റ് – നഗരസഭ ചെയർമാന്മാർക്കായുള്ള പരിശീലനം

നഗരസഭകളുടെ പ്രോജക്ട് മാനേജ്മെന്റ് കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിശീലനത്തിൽ പ്രോജക്ട് മാനേജ്മെന്റ്, ടൈം മാനേജ്മെന്റ് എന്നീ വിഷയങ്ങൾക്ക് ഊന്നൽ നൽകി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭയിലെ ചെയർമാന്മാർ, വൈസ്ചെയർമാന്മാർ | 2012 ജനുവരി | 2 ദിവസം | 1 | 70 | 140 |




കിലയെ ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതുമായി ബന്ധപ്പെട്ട ദേശീയ സെമിനാർ കിലയിൽ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാവായ ശ്രീ. ടി. കെ. എ. നായർ ഉത്ഘാടനം ചെയ്യുന്നു




മാധ്യമപ്രവർത്തകർക്കു വേണ്ടിയുള്ള ശില്പശാല ബഹു. സഹകരണ വകുപ്പ് മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണൻ ഉത്ഘാടനം ചെയ്യുന്നു.

**(iii) ഖരമാലിന്യ സംസ്കരണം - നഗരസഭാ ചെയർമാന്മാർക്കും വൈസ്ചെയർമാന്മാർക്കും പരിശീലനം**

നഗരപാലികാ സ്ഥാപനങ്ങൾക്ക് ഖരമാലിന്യ സംസ്കരണം ഒരു പ്രധാന പ്രശ്നമായ സാഹചര്യത്തിൽ മൈസൂർ സിറ്റി കോർപ്പറേഷന്റെ മാതൃകാപദ്ധതിയായ ഖരമാലിന്യ നിർമ്മാർജ്ജന പ്രോജക്ടിന്റെ വിശദാംശങ്ങൾ ഈ പരിശീലന പരിപാടിയിൽ അവതരിപ്പിക്കുകയുണ്ടായി. കൂടാതെ ബജറ്റ് രൂപീകരണവും ചർച്ച ചെയ്തു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭയിലെ ചെയർമാന്മാരും വൈസ് ചെയർമാന്മാരും | 2012 ഫെബ്രുവരി | 1 ദിവസം | 1 | 75 | 75 |

**(iv) വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗരസഭാ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശീലനം**

നഗരസഭകളിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ കില സംഘടിപ്പിച്ച പരിശീലനത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലകൾ, വിഭവസമാഹരണം, സദ്ഭരണത്തിനുള്ള ഉപാധികൾ, വസ്തു നികുതി എന്നീ വിഷയങ്ങളാണ് പ്രധാനമായും ഉൾപ്പെടുത്തിയത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭയിലെ വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും അംഗങ്ങളും ഉദ്യോഗസ്ഥരും | 2011 ഡിസംബർ - 2012മാർച്ച് | 3 ദിവസം | 4 | 138 | 414 |

**(v) ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗരസഭാ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പരിശീലനം**

നഗരസഭകളിലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന താണ് ഈ പരിശീലനത്തിന്റെ മുഖ്യ ലക്ഷ്യം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭയിലെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും അംഗങ്ങളും ഉദ്യോഗസ്ഥരും | 2012 ഫെബ്രുവരി - മാർച്ച് | 3 ദിവസം | 3 | 103 | 309 |




ദേശീയതല മോണിറ്റേഴ്സിന്റെ (NLM) ശില്പശാല കിലയിൽ ബഹു. പഞ്ചായത്ത്-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ.എം.കെ. മുനീർ ഉത്ഘാടനം ചെയ്യുന്നു




ഊരുമൂപ്പന്മാർക്കും ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കുമുള്ള ഏകദിന പരിശീലനം ബഹു. പട്ടികവർഗ്ഗ-യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീമതി പി.കെ. ജയലക്ഷ്മി ഉത്ഘാടനം ചെയ്യുന്നു.

### (vi) പ്രാദേശിക ഭരണത്തിൽ – ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ഇന്റക്ഷൻ പരിശീലനം

പുതിയതായി നിയമനം ലഭിച്ച ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കായി പ്രാദേശിക ഭരണത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുകയുണ്ടായി. ഗ്രാമപഞ്ചായത്ത് തലത്തിൽ സെക്രട്ടറിമാർ ദൈനംദിനം ചെയ്യേണ്ട പ്രവർത്തികളിൽ അവർക്ക് പ്രാവീണ്യം ഉണ്ടാകുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പരിശീലനം സംഘടിപ്പിച്ചത്. പ്രസ്തുത സെക്രട്ടറിമാരെ സൂപ്രണ്ടുമാരായി പുനർനിയുക്തരാക്കിയതിനാൽ ഈ പരിശീലനം തുടരാനായിട്ടില്ല.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പുതുതായി നിയമിതരായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ | 2011 ഡിസംബർ | 7 ദിവസം | 3 | 106 | 318 |

### (vii) പഞ്ചായത്ത് രാജിൽ ഗ്രാമപഞ്ചായത്ത് ക്ലാർക്കുമാർക്ക് ഇന്റക്ഷൻ പരിശീലനം

ഗ്രാമപഞ്ചായത്തുകളിൽ പുതുതായി നിയമനം ലഭിച്ച എൽ.ഡി.ക്ലാർക്കുമാർക്ക് പഞ്ചായത്ത്രാജ് സംവിധാനം സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ പഞ്ചായത്ത്രാജ്, പഞ്ചായത്തുകളുടെ ഉത്തരവാദിത്തങ്ങൾ, ചുമതലകൾ, അധികാരങ്ങൾ തുടങ്ങി വിഷയങ്ങളിൽ പരിശീലനം നൽകുകയുണ്ടായി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പുതുതായി നിയമനം ലഭിച്ച എൽ.ഡി.ക്ലാർക്കുമാർ | 2011 ഏപ്രിൽ - ജൂലൈ | 7 ദിവസം | 8 | 416 | 3328 |

### (viii) പഞ്ചായത്തീരാജിൽ വി.ഇ.ഒ. (V.E.O)മാർക്ക് ഇന്റക്ഷൻ പരിശീലനം

പുതുതായി നിയമനം ലഭിച്ച വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വി.ഇ.ഒ.) മാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ | 2011 ജൂലൈ - ആഗസ്റ്റ് | 3 ദിവസം | 6 | 461 | 1381 |



കില ഡീംഡ് യൂണിവേഴ്സിറ്റിയാക്കുന്നതുമായിട്ടുള്ള ചർച്ച കിലയിൽ നടക്കുന്നു.



രാജസ്ഥാനിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായുള്ള പരിശീലനം രാജസ്ഥാൻ പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. മഹേന്ദ്രജിത്ത് മാളവ്യ ഉത്ഘാടനം ചെയ്യുന്നു.

## 2.1.1.3 സദ്ഭരണം

### (i) സദ്ഭരണം – നിർവ്വഹണ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

ഗ്രാമസ്വരാജും ഗ്രാമസുരാജുമാണ് പ്രാദേശിക ഭരണത്തിന്റെ ലക്ഷ്യങ്ങൾ. സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ പഞ്ചായത്ത്-നഗരപാലികാ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയതിലൂടെ ഗ്രാമസ്വരാജ് എന്ന ലക്ഷ്യം കൈവരിച്ചുവെങ്കിലും ഗ്രാമസുരാജ് അഥവാ സദ്ഭരണം ഇനിയും കൈവരിക്കേണ്ടതുണ്ട്. ഇതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംയുക്തമായി പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. ഈ ലക്ഷ്യത്തോടെ ജനപ്രതിനിധികളേയും നിർവ്വഹണ ഉദ്യോഗസ്ഥരേയും സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് 'കില' സദ്ഭരണത്തിൽ പരിശീലനം സംഘടിപ്പിച്ചു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ | 2011 നവംബർ - ഫെബ്രുവരി | 5 ദിവസം | 99 | 13118 | 26236 |

## 2.1.1.4. പ്രാദേശികവികസനം

### (i) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് പരിശീലനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ (MGNREGS) കാര്യക്ഷമമായ നടത്തിപ്പ് ഉറപ്പുവരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കായി പരിശീലനം സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള ജില്ലകളിലെ പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | 2012 ജനുവരി - ഫെബ്രുവരി | 2 ദിവസം | 4 | 202 | 404 |

### (ii) കാർഷിക യന്ത്രവൽക്കരണം – കൃഷി ഓഫീസർമാർക്ക് പരിശീലനം

പാലക്കാട് ജില്ലയിലെ കൃഷി ഓഫീസർമാർക്ക് കാർഷികയന്ത്രവൽക്കരണത്തെക്കുറിച്ച് കിലയും മണ്ണുത്തിയിലെ കാർഷിക സർവ്വകലാശാലയിലെ അഗ്രികൾച്ചറൽ റിസർച്ച് സ്റ്റേഷനുമായി സഹകരിച്ച് പരിശീലനം സംഘടിപ്പിച്ചു. വിവിധ കാർഷിക യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുള്ള നൈപുണ്യമാണ് കൃഷി ഓഫീസർമാർക്ക് ലഭ്യമാക്കിയത്.




മാധ്യമപ്രവർത്തകർക്കുള്ള ശില്പശാല ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ. കിലയിൽ ഉത്ഘാടനം ചെയ്യുന്നു




പരമ്പരാഗത ഈറ്റത്തൊഴിലാളികളുടെ പ്രശ്നപരിഹാര ശില്പശാല ശ്രീ. കെ. രാധാകൃഷ്ണൻ എം.എൽ.എ. കിലയിൽ ഉത്ഘാടനം ചെയ്യുന്നു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പാലക്കാട് ജില്ലയിലെ കൃഷി ഓഫീസർമാർ | 2011 ജൂലൈ - ആഗസ്റ്റ് | 15 ദിവസം | 1 | 17 | 85 |

**(iii) പൊതുമരാമത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്കുള്ള ഇൻ്റക്ഷൻ ട്രെയിനിംഗ്**

തദ്ദേശഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ കാര്യക്ഷമത ലക്ഷ്യം വച്ചുകൊണ്ട് പുതുതായി നിയമിതരായവരും പുനർവിന്യാസം വഴി നിയമിതരായവരും ആയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് പരിശീലനം സംഘടിപ്പിച്ചു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് പുതുതായി നിയമനം ലഭിച്ച എഞ്ചിനീയർമാരും പുനർവിന്യാസം വഴി നിയമിതരായവരും | 2011 ഡിസംബർ - ജനുവരി | 3 ദിവസം | 3 | 64 | 192 |

**(iv) നീർത്തട വികസനം - കൃഷി അസിസ്റ്റൻ്റുമാർക്ക് പരിശീലനം**

നീർത്തട വികസനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൃഷി അസിസ്റ്റൻ്റുമാർക്ക് പരിശീലനം നൽകിയത്. കൃഷി അസിസ്റ്റൻ്റുമാർ ദൈനംദിനം ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ഗ്രാമപഞ്ചായത്ത് തലത്തിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന നീർത്തട മാസ്റ്റർ പ്ലാൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ ആയിരുന്നു പ്രധാന വിഷയങ്ങൾ.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| കൃഷി അസിസ്റ്റൻ്റുമാർ | 2011 മെയ് - ജൂൺ | 3 ദിവസം | 9 | 433 | 1299 |

**(v) കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനം**

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 1999 ഉം 2011 എന്ന വിഷയത്തിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കില പരിശീലനം സംഘടിപ്പിച്ചു.



സംസ്ഥാനതല സാങ്കേതിക ഗ്രൂപ്പ് അംഗങ്ങളുടെ (SLTAG) ശില്പശാല ബഹു. തദ്ദേശഭരണ വകുപ്പ് സെക്രട്ടറി ശ്രീ. ആർ. കെ. സിംഗ്, ഐ.എ.എസ്. ഉത്ഘാടനം ചെയ്യുന്നു.




കുട്ടികളുടെ സമഗ്രവികസനവും ബന്ധപ്പെട്ട ഗവേഷകരുടെ കൂട്ടായ്മ കണ്ണൂർ മേഖല ഡി.ഐ.ജി. ശ്രീ. എസ്. ശ്രീജിത് ഐ.പി.എസ്. ഉത്ഘാടനം ചെയ്യുന്നു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർ | 2011ആഗസ്റ്റ് - 2012ജനുവരി | 2 ദിവസം | 2 | 52 | 104 |

### (vi) ജി.ഐ.എസിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം

ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർക്കായി കില പരിശീലനം സംഘടിപ്പിച്ചു. ജി.ഐ.എസ്. സോഫ്റ്റ് വെയറിൽ കമ്പ്യൂട്ടർ പരിശീലനമായിരുന്നു ലക്ഷ്യം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ടൗൺ പ്ലാനിംഗ് വകുപ്പിലെ ഉദ്യോഗസ്ഥർ | 2011മെയ് | 5 ദിവസം | 1 | 14 | 70 |

### (vii) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പദ്ധതി (KLGSDP) പരിശീലനം

ലോകബാങ്ക് ധനസഹായത്തോടെ കേരള സർക്കാർ നടപ്പിലാക്കികൊണ്ടിരിക്കുന്ന കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടുമായി ബന്ധപ്പെട്ടുള്ള പ്രാരംഭ പരിശീലനം കിലയുടെ നേതൃത്വത്തിൽ 2011-2012 വർഷത്തിൽ ആരംഭിക്കുകയുണ്ടായി. ത്രിതല പഞ്ചായത്തുകളിലെ സേവനങ്ങൾ കാര്യക്ഷമമാക്കുകയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ത്രിതല പഞ്ചായത്തു സംവിധാനത്തിലെ ജനപ്രതിനിധികൾ | 2011 ജൂലൈ | 1 ദിവസം | 14 | 2115 | 2115 |

## 2.1.1.5. പ്രാദേശിക ജനാധിപത്യം

### (i) ഗ്രാമസഭ/വാർഡ്സഭ ശാക്തീകരണം – ഗ്രാമസഭ/വാർഡ്സഭ അംഗങ്ങൾക്ക് പരിശീലനം

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം ഒരു വ്യാഴവട്ടം പിന്നിടുമ്പോഴും ജനാധിപത്യത്തിന്റെ അടിത്തറയായ ഗ്രാമസഭകൾ ഉദ്ദേശിച്ച പോലെ സജീവമല്ല. ഗ്രാമ സഭകൾ ശക്തമാക്കാതെ അധികാര വികേന്ദ്രീകരണം പൂർണ്ണമാകുകയില്ലായെന്ന യാഥാർത്ഥ്യം മനസ്സിലാക്കി ഗ്രാമസഭ/വാർഡ്സഭ അംഗങ്ങളുടെ അധികാരങ്ങളും ചുമതലകളും ബോധ്യപ്പെടുത്താനാണ് പരിശീലനം സംഘടിപ്പിച്ചത്.




ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള പ്രീസർവ്വീസ് പരിശീലനം കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.ടി. മാത്യു ഉത്ഘാടനം ചെയ്യുന്നു.




നഗരസഭകളുടെ പദ്ധതി ആസൂത്രണ ശില്പശാല മുനിസിപ്പൽ ചേമ്പർ ചെയർമാൻ ശ്രീ. ജമാൽ മണക്കാടൻ ഉത്ഘാടനം ചെയ്യുന്നു

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| വാർഡ്സഭ/ഗ്രാമസഭാ അംഗങ്ങൾ | 2011 ഡിസംബർ - 2012 ഫെബ്രുരി | 1 ദിവസം | 14440 | 2052256 | 2052256 |

ഓരോ ഗ്രാമപഞ്ചായത്ത് വാർഡുകളിൽ നിന്നും മുനിസിപ്പൽ വാർഡുകളിൽ നിന്നും 150 നും 200 നും മദ്ധ്യേയുള്ള ഗ്രാമ സഭ/വാർഡ്സഭ അംഗങ്ങളെയാണ് പരിശീലനത്തിൽ പങ്കെടുപ്പിച്ചത്. 14440 ബാച്ചുകളിലായി സംഘടിപ്പിച്ച പരിശീലനത്തിലൂടെ 30 ലക്ഷത്തോളം ഗ്രാമ/വാർഡ്സഭാ അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിഞ്ഞത് അതുല്യമായ പരിശീലന പരിപാടിയാണ്. ഇത് സാധ്യമായത് ചിട്ടയായ മുന്നൊരുക്ക പ്രവർത്തനത്തിലൂടെ പരിശീലകരുടെ നിര വ്യത്യസ്ത തലങ്ങളിൽ ഉറപ്പുവരുത്തിയതിനാലാണ്. പരിപാടിയുടെ സുഗമമായ നിർവ്വഹണത്തിനായി സംസ്ഥാനതലത്തിൽ മാസ്റ്റർ ഫെസിലിറ്റേറ്റർമാർ, ജില്ലാതലത്തിൽ ഫെസിലിറ്റേറ്റർമാർ, പഞ്ചായത്ത്തലത്തിൽ ഗ്രാമസഭാ പരിശീലകർ എന്നിവർക്കായി 1444 ബാച്ചുകളിലായി പരിശീലക പരിശീലനം കിലയിൽ സംഘടിപ്പിക്കുകയുണ്ടായി.

### (ii) ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗങ്ങൾക്കുള്ള പരിശീലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രോജക്ടുകൾ സൂക്ഷ്മപരിശോധന നിർവ്വഹിക്കുന്ന ജില്ലാതല ടെക്നിക്കൽ അഡ്വൈസറി അംഗങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രസ്തുത അംഗങ്ങൾക്ക് കില പരിശീലനം നല്കുകയുണ്ടായി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ജില്ലയിലെ ടി.എ.ജി അംഗങ്ങൾ | 2011 ഏപ്രിൽ - മെയ് | 2 ദിവസം | 6 | 532 | 1064 |

### (iii) ഗ്രാമപഞ്ചായത്തിലെ ഹെൽപ്ഡെസ്ക് അംഗങ്ങൾക്കുള്ള പരിശീലനം

ഗ്രാമപഞ്ചായത്തുകളിലെ ഹെൽപ്ഡെസ്ക് സംവിധാനം ശക്തിപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഗ്രാമപഞ്ചായത്തുതലത്തിൽ തെരഞ്ഞെടുത്ത ഹെൽപ്ഡെസ്ക് അംഗങ്ങൾക്ക് പരിശീലനം നൽകിയത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്തുതല ഹെൽപ്ഡെസ്ക് അംഗങ്ങൾ | 2011 ഏപ്രിൽ - മെയ് | 3 ദിവസം | 5 | 271 | 813 |



കില ഫാക്കൽട്ടി അംഗങ്ങൾ മൈസൂർ കോർപ്പറേഷൻ മേയർ ശ്രീമതി പുഷ്പലത ചിക്കണ്ണയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തുന്നു.



തൃശൂർ ജില്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അദ്ധ്യക്ഷന്മാർ എന്നിവർക്കുള്ള ശില്പശാല ജില്ലാ ഡെപ്യൂട്ടി കളക്ടർ ഡോ. ജയശ്രീ. പി.കെ. ഉത്ഘാടനം ചെയ്യുന്നു.

## 2.1.0.6. പരിപാലനം

### (I) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് പരിശീലനം

ഗ്രാമപഞ്ചായത്തുകളിലെ ധനപരിപാലനം കാര്യക്ഷമമാക്കുകയെന്ന ലക്ഷ്യത്തോടെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്കു വേണ്ടിയായിരുന്നു ഈ പരിശീലനം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ, ക്ലർക്ക്/അക്കൗണ്ടന്റ് | 2012 ജനുവരി - ഫെബ്രുവരി | 3 ദിവസം | 2 | 66 | 132 |

### (ii) ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ശാക്തീകരണം - നഗരസഭാ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾക്കുളള പരിശീലനം

നഗരസഭയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമാക്കുന്നതിനാണ് നടത്തിപ്പിനായിട്ടാണ് ഈ പരിശീലനം സംഘടിപ്പിച്ചത്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ, വസ്തു നികുതി, മറ്റു നികുതികൾ, വിഭവ സമാഹരണം, ബഡ്ജറ്റിംഗ് എന്നിവയായിരുന്നു പ്രധാന വിഷയങ്ങൾ.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭയിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരും അംഗങ്ങളും | 2011 ഒക്ടോബർ - നവംബർ | 3 ദിവസം | 5 | 137 | 411 |

### (iii) ഡബിൾ എൻട്രി അക്കൗണ്ടിംഗ് പരിശീലനം

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ധനപരിപാനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ പഞ്ചായത്തുകളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പിലാക്കി. ഇതിന് മുന്നോടിയായി ഒന്നാം ഘട്ടത്തിൽ പ്രസ്തുത അക്കൗണ്ടന്റുമാർക്ക് ഡബിൾ എൻട്രിയുടെ അടിസ്ഥാന കാര്യങ്ങളും രണ്ടാം ഘട്ടത്തിൽ അക്കൗണ്ടിംഗ് പാഠങ്ങളും, സാംഖ്യ സോഫ്റ്റ്‌വെയർ സംബന്ധിച്ചും മൂന്നാം ഘട്ടത്തിൽ ജനപ്രതിനിധികൾക്കും പരിശീലനം നൽകിവരുന്നു. ഇതിന്റെ തുടർച്ചയായി അക്കൗണ്ടന്റുമാർക്കായി സംശയനിവാരണത്തിനായി രണ്ടു ദിവസത്തെ തുടർപരിശീലനവും സംഘടിപ്പിച്ചു. കൂടാതെ വർഷാവസാനം അക്കൗണ്ട് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിനായി അക്കൗണ്ടന്റുമാർക്ക് ഏകദിന പരിശീലനവും നൽകി. ആദ്യഘട്ടത്തിൽ 395 ഗ്രാമപഞ്ചായത്തുകൾക്ക് സാംഖ്യ സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകുകയുണ്ടായി ഇതിൽ 345 ഗ്രാമപഞ്ചായത്തുകളിൽ സോഫ്റ്റ്‌വെയർ നടപ്പിലാക്കി. പരിശീലനത്തിനു പുറമെ ഐ.കെ.എം. സാങ്കേതിക സഹായവും ത്രിതലപഞ്ചായത്തുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട് അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് 2012-13 വർഷത്തിൽ പരിശീലനം നൽകുന്നതാണ്.




നഗരസഭാ അദ്ധ്യക്ഷന്മാർക്കുള്ള പരിശീലനം മുനിസിപ്പൽ ചേമ്പർ ചെയർമാൻ ശ്രീ. ജമാൽ മണക്കാടൻ ഉത്ഘാടനം ചെയ്യുന്നു



കില-ചൈൽഡ് റിസോഴ്സ് സെന്റർ പ്രവർത്തനങ്ങളുടെ ആസൂത്രണ ശില്പശാലയിൽ കില, യൂണിസെഫ് അംഗങ്ങൾ പങ്കെടുക്കുന്നു.

**(a) ഡബിൾ എൻട്രി അക്കൗണ്ടിംഗ് – അടിസ്ഥാന കാര്യങ്ങൾക്ക് പരിശീലനം**

പഞ്ചായത്തുകളിൽ ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും നടപ്പിലാക്കുന്നതിന് മുന്നോടിയായി ഡബിൾ എൻട്രി അക്കൗണ്ടിംഗിന്റെ അടിസ്ഥാന കാര്യത്തിൽ നടത്തിയ ഒന്നാം ഘട്ട പരിശീലനമായിരുന്നു ഇത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാർ | 2011 ഏപ്രിൽ - ആഗസ്റ്റ് | 2 ദിവസം | 17 | 817 | 1634 |

**(b) ഡബിൾ എൻട്രി അക്കൗണ്ടിംഗും സാംഖ്യ സോഫ്റ്റ് വെയറും – തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജന പ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം**

ത്രിതല പഞ്ചായത്തുകളുടെ ധനപരിപാലനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ശാസ്ത്രീയമായ അക്കൗണ്ടിംഗ് രീതിയായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ഈ സാമ്പത്തിക വർഷം മുതൽ പഞ്ചായത്തുകളിൽ അനുവർത്തിക്കുവാൻ സർക്കാർ തീരുമാനിച്ചത്. ഈ പുതിയ അക്കൗണ്ടിംഗ് സമ്പ്രദായത്തെക്കുറിച്ച് അറിവ് പകരുന്നതിനും സാംഖ്യ സോഫ്റ്റ്‌വെയർ പ്രകാരം കണക്കുകൾ കൈകാര്യം ചെയ്യുന്നതിനും ബന്ധപ്പെട്ടവരെ പ്രാപ്തരാക്കുകയാണ് പരിശീലനത്തിന്റെ മുഖ്യ ഉദ്ദേശ്യം. ആയതിലേക്ക് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെ അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് അക്കൗണ്ടിംഗ് റൂളിനെ കുറിച്ചുള്ള അറിവും സാംഖ്യ സോഫ്റ്റ് വെയർ സംബന്ധിച്ച പ്രായോഗിക വൈദഗ്ദ്ധ്യവും പകരുന്ന പരിശീലനമാണ് സംഘടിപ്പിച്ചത്. ഉദ്യോഗസ്ഥരുടെ പരിശീലനം പൂർത്തീകരിക്കുന്ന പഞ്ചായത്തുകളിലെ പ്രസിഡന്റിനും വൈസ് പ്രസിഡന്റിനും പുതിയ അക്കൗണ്ടിംഗ് സമ്പ്രദായം സംബന്ധിച്ച് ഏകദിന പരിപാടിയിലൂടെ ഓറിയന്റേഷനും നൽകി. തുടർന്ന് ഐ.കെ.എം. ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം വിനിയോഗിച്ചുകൊണ്ട് അതത് പഞ്ചായത്ത് തലത്തിൽ 2 ദിവസത്തെ സാങ്കേതിക പിന്തുണയും ഉറപ്പുവരുത്തി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമ പഞ്ചായത്ത് അക്കൗണ്ടന്റ്, ക്ലാർക്ക് | 2011 സെപ്തംബർ - 2012 മാർച്ച് | 4 ദിവസം | 63 | 1099 | 4396 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | | 3 ദിവസം | 30 | 490 | 1470 |
| ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമാർക്ക് തുടർപരിശീലനം | | 2 ദിവസം | 6 | 244 | 488 |
| ഗ്രാമപഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് | | 1 ദിവസം | 6 | 400 | 400 |
| ബ്ലോക്ക് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ | | 4 ദിവസം | 1 | 70 | 280 |




ശ്രീലങ്കയിൽ നിന്നുള്ള വനിതാ ജനപ്രതിനിധികളുടെ പഠന സന്ദർശനം കില ഡയറക്ടർ ഡോ. പി.പി. ബാലൻ ഉത്ഘാടനം ചെയ്യുന്നു.



കിലയെ കല്പിത സർവ്വകലാശാലയായി ഉയർത്തുന്നതിന്റെ ഭാഗമായി ചേർന്ന ശില്പശാലയിൽ ഛണ്ഢീഗഡിലെ ക്രിഡ് (CRRID) ഡയറക്ടർ ജനറൽ ശ്രീ. എസ്.എസ്. ഗിൽ ഉത്ഘാടനം ചെയ്യുന്നു

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് | | 1 | 2 | 25 | 25 |
| ജില്ലാ പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ | | 4 | 1 | 13 | 52 |
| ജില്ലാ പഞ്ചായത്തുകളിലെ പ്രസിഡന്റ്/വൈസ് പ്രസിഡന്റ് | | 4 | 1 | 40 | 160 |
| **ആകെ** | | | **110** | **2381** | **7271** |

*ഈ പരിശീലനം കില, ഐ.ആർ.ടി.സി. പാലക്കാട്, ഐ.സി.എം. തിരുവനന്തപുരം, സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വയനാട് എന്നീ നാല് കേന്ദ്രങ്ങളിലായിട്ടാണ് സംഘടിപ്പിച്ചത്.*

### (iv) ഡബിൾ എൻട്രി അക്കൗണ്ടിംഗ് – പെർഫോർമൻസ് ഓഡിറ്റ് അംഗങ്ങൾക്കുള്ള പരിശീലനം

പഞ്ചായത്ത് സ്ഥാപനങ്ങളിലെ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായവും സാംഖ്യ സോഫ്റ്റ് വെയറും സംബന്ധിച്ച അറിവും വൈദഗ്ദ്ധ്യവും പെർഫോർമൻസ് ടീം അംഗങ്ങൾക്ക് പകരുന്നതിനുവേണ്ടിയാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പെർഫോർമൻസ് ഓഡിറ്റ് ടീം അംഗങ്ങൾ (എൽ.ഡി.സി., യു.ഡി.സി., ജെ.എസ്., സെക്രട്ടറി) | 2011 മെയ് - ജൂൺ | 3 ദിവസം | 9 | 433 | 1299 |

### (v) ധനമപരിപാലനത്തിൽ എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ അക്കൗണ്ടന്റുമാർക്ക് പരിശീലനം

എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ അക്കൗണ്ടന്റുമാർക്ക് ധനപരിപാലനത്തിൽ എസ്.ആർ.ജി. യുടെ സഹായത്തോടെ കില പരിശീലനം സംഘടിപ്പിച്ചു. ബഡ്ജറ്റ്, വരവ് ചെലവ് കണക്കുകൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവയായിരുന്നു പ്രധാന പരിശീലന വിഷയങ്ങൾ.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| എച്ച്.ഐ.വി/ എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ അക്കൗണ്ടന്റുമാർ | 2011 അഗസ്റ്റ് - ഒക്ടോബർ | 5 ദിവസം | 1 | 208 | 1040 |



കിലയെ കല്പിത സർവ്വകലാശാലയായി ഉയർത്താനുള്ള ശില്പശാല കണ്ണൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ ഡോ. മൈക്കിൾ തരകൻ സംസാരിക്കുന്നു.



കിലയും ഹോളണ്ട് അലുമിനി നെറ്റ് വർക്ക് കേരള ചാപ്റ്ററും ചേർന്ന് കിലയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാലയിൽ ഹോളണ്ട് എമ്പസി പോളിസി അഡ്വൈസർ ശ്രീ. മുഹമ്മദ് അഫ്സൽ സംസാരിക്കുന്നു.

## 2.1.1.7. വൈദഗ്ദ്ധ്യ വികസനം

### (i) പരിശീലക പരിശീലനം (ToT)

മുതിർന്നവർക്കുള്ള പഠനതത്വങ്ങളിൽ അധിഷ്ഠിതമായി പങ്കാളിത്ത പരിശീലന രീതിശാസ്ത്രത്തിൽ പരിശീലകർക്കായി (എക്സ്റ്റൻഷൻ ഫാക്കൽട്ടി അംഗങ്ങൾ) പരിശീലക പരിശീലനം സംഘടിപ്പിക്കുന്ന കാര്യം ആമുഖത്തിൽ സൂചിപ്പിച്ചുവല്ലൊ. ഈ ലക്ഷ്യം വച്ച് പരിശീലന രീതിശാസ്ത്രം സംബന്ധിച്ച് പരിശീലക പരിശീലനം (ToT) നടത്തിവരുന്നുണ്ട്. മെച്ചപ്പെട്ട അവതരണശൈലി, ദൃശ്യ-മാധ്യമങ്ങൾ തുടങ്ങി പരിശീലന സംഘാടനം വരെയുള്ള വിഷയങ്ങൾ പ്രസ്തുത പരിശീലനത്തിൽ ഉൾച്ചേർത്തിരിക്കുന്നു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| കിലയുടെ എക്സ്റ്റൻഷൻ ഫാക്കൽട്ടി അംഗങ്ങൾ | 2011 ഒക്ടോബർ - ജനുവരി | 3 ദിവസം | 4 | 85 | 340 |

### (ii) വനിതാ ജനപ്രതിനിധികൾക്ക് നേതൃത്വശേഷി വികസന പരിശീലനം (Leadership Training)

പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ പദവികളിലേക്കും സ്ത്രീകൾക്ക് 50% സംവരണം ഏർപ്പെടുത്തുക വഴി സ്ത്രീകളുടെ പുതിയൊരു നേതൃനിര ഉയർന്നുവരുന്നതിന് അവസരമൊരുക്കി. ഇവരുടെ കാര്യശേഷി വികസന പ്രാധാന്യം തിരിച്ചറിഞ്ഞ് നേതൃത്വശേഷി വികസന പരിപാടി സംഘടിപ്പിച്ചു. സ്വയം അറിയുക, ജനകീയ നേതൃത്വശൈലി, ഫലപ്രദമായ ആശയ വിനിമയം, പ്രസംഗകല, വ്യക്തി ബന്ധം, ടീം ബിൽഡിംഗ്, ടൈം മാനേജ്മെന്റ്, പഞ്ചായത്ത് കമ്മറ്റി, കോൺഫ്ളിക്റ്റ് മാനേജ്മെന്റ്, സ്ട്രെസ്സ് മാനേജ്മെന്റ്, തീരുമാനമെടുക്കൽ എന്നിവയാണ് വിവിധ വിഷയങ്ങൾ.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| വനിതാ ജനപ്രതിനിധികൾ | 2011 ഏപ്രിൽ - 2012 ഫെബ്രുവരി | 3 ദിവസം | 56 | 2000 | 6000 |

### (iii) യുവ ജനപ്രതിനിധികൾക്ക് നേതൃത്വശേഷി വികസന പരിശീലനം

14 ജില്ലകളിലെ യുവജന പ്രതിനിധികൾക്ക് വേണ്ടി, സ്വയം അറിയുക, ജനകീയ നേതൃത്വശൈലി, ഫലപ്രദമായ ആശയ വിനിമയം, പ്രസംഗകല, വ്യക്തി ബന്ധം, ടീം ബിൽഡിംഗ്, ടൈം മാനേജ്മെന്റ്, പഞ്ചായത്ത് കമ്മറ്റി, കോൺഫ്ളിക്റ്റ് മാനേജ്മെന്റ്, സ്ട്രെസ്സ് മാനേജ്മെന്റ്, തീരുമാനമെടുക്കൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചു.




*ഗ്രാമപഞ്ചായത്ത് മെമ്പർമാരുടെ അയൽ സംസ്ഥാന പഠന യാത്ര ചെന്നൈ ആർ.ജി.എൻ.ഐ.വൈ.ഡി. യിൽ (RGNIYD) ഡോ. ഗിരീശൻ ഉത്ഘാടനം ചെയ്യുന്നു.*



*വയനാട് ജില്ലയിലെ പട്ടികവർഗ്ഗ പ്രതിനിധികളുടെ ശില്പശാല*

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| യുവജനപ്രതിനിധികൾ | 2011 ഡിസംബർ - 2012 ഫെബ്രുവരി | 3 ദിവസം | 11 | 353 | 1059 |

### (iv) സർട്ടിഫിക്കറ്റ് കോഴ്സിൽ വിജയിച്ചവർക്കുള്ള തുടർ പരിശീലനം

2006 ലെ സർട്ടിഫിക്കറ്റ് കോഴ്സിൽ പങ്കെടുത്ത് വിജയിച്ചവർക്ക് കില ഒരു തുടർ കോഴ്സ് സംഘടിപ്പിച്ചു. പ്രസ്തുത കോഴ്സിൽ പങ്കെടുത്തവർ തമ്മിൽ പരിചയം പുതുക്കുന്നതിനും അവരെ കിലയുടെ ഭാവിപ്രവർത്തനങ്ങൾക്ക് സജ്ജരാക്കുന്നതിനുവേണ്ടിയായിരുന്നു പരിശീലനം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| സർട്ടിഫിക്കറ്റ് കോഴ്സിൽ പങ്കെടുത്തവർ | 2011ഒക്ടോബർ | 2 ദിവസം | 2 | 116 | 232 |

### (v) നഗരസഭാ വനിതാ ജനപ്രതിനിധികളുടെ നേതൃത്വ പരിശീലനം

വനിതാ ജനപ്രതിനിധികളുടെ നേതൃശേഷി വികസിപ്പിക്കുന്നതിനായിട്ടാണ് ഈ പരിശീലനം സംഘടിപ്പിച്ചത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| നഗരസഭാ വനിതാ ജനപ്രതിനിധികൾ | 2011സെപ്തംബർ - 2012 ഫെബ്രുവരി | 3 ദിവസം | 16 | 619 | 1857 |

## 2.1.1.8. പ്രത്യേക വിഭാഗങ്ങൾ

ആഗോളതലത്തിൽ എയ്ഡ്സ് എന്ന വിപത്ത് പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരള എയ്ഡ്സ് കൺട്രോൾ സൊസൈറ്റി അതിന്റെ പ്രവർത്തനം കേരളത്തിൽ വ്യാപിപ്പിച്ചിരിക്കുകയാണ്. ഇതിന്റെ അനുബന്ധമായി ഈ മേഖലകളിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, എൻ.ജി.ഒകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവം കൊണ്ടുവരേണ്ടതുണ്ട്. ഇതിലേക്കായി സ്റ്റേറ്റ് ട്രെയ്നിങ്ങ് ആന്റ് റിസോഴ്സ് സെന്റർ (SRTC) കിലയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ കീഴിൽ 2011-2012 വർഷത്തിൽ സംഘടിപ്പിച്ച പരിശീലനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### (i) എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി – പ്രോജ്ക്ട് മാനേജ്മെന്റ് പരിശീലനം

പ്രോജ്ക്ട് മാനേജർമാർക്ക് എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി നടത്തിപ്പിലെ വൈദ ഗ്ദ്ധ്യം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കിലയിൽ (SRTC) പരിശീലനം സംഘടിപ്പിക്കുകയുണ്ടായി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പ്രോജ്കട് മാനേജർ | 2011 നവംബർ | 4 ദിവസം | 1 | 54 | 216 |

### (ii) ഫീൽഡ്തല ആസൂത്രണം – എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി പരിശീലനം –

എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതി യിലെ ഫീൽഡ്തല പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുവേണ്ടി പ്രവർത്തകർക്ക് കിലയിലെ എസ്.ടി.ആർ.സി. പരിശീലനം നൽകുകയുണ്ടായി.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച സമയം | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പ്രോജ്കട് മാനേജർ, ഫീൽഡ്തല പ്രവർത്തകർ | 2011ജൂൺ – 2012 ഫെബ്രുവരി | 2 ദിവസം | 9 | 569 | 1128 |

### (iii) എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കൗൺസിലർമാർക്കുള്ള പരിശീലനം

എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയെക്കുറിച്ച് കൗൺസിലർമാർക്ക് കിലയിലെ എസ്.ടി.ആർ.സി. പരിശീലനം സംഘടിപ്പിച്ചു. എച്ച്.ഐ.വി/എയ്ഡ്സ് രംഗത്തെ കൗൺസിലിംഗ് സാധ്യതകളെക്കുറിച്ചും, എങ്ങിനെ നല്ല രീതിയിൽ നടത്താം എന്നുമായിരുന്നു പരിശീലന ഉള്ളടക്കം.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കൗൺസിലർമാർ | 2011 നവംബർ | 4 ദിവസം | 1 | 22 | 88 |

### (iv) ഫീൽഡ്തല പ്രവർത്തകർക്ക് എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിൽ പരിശീലനം

എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ ഘടകപദ്ധതികളെക്കുറിച്ച് ഫീൽഡ്തല പ്രവർത്തകർക്ക് അവഗാഹം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിലയിലെ എസ്.ടി.ആർ.സി. ഈ പരിശീലനം സംഘടിപ്പിച്ചത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ ഫീൽഡ്തല പ്രവർത്തകർ | 2011 ജൂൺ - 2012 ഫെബ്രുവരി | 5 ദിവസം | 1 | 208 | 1040 |

**(v) എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കമ്മ്യൂണിറ്റി വർക്കർമാർക്കുള്ള പരിശീലനം**

എച്ച്. ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയെക്കുറിച്ച് കമ്മ്യൂണിറ്റി വർക്കർമാർക്ക് കിലയിലെ എസ്.ടി.ആർ.സി. പരിശീലനം സംഘടിപ്പിച്ചു. പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ചും റിപ്പോർട്ട് തയ്യാറാക്കുന്നതിനെക്കുറിച്ചുമായിരുന്നു പരിശീലനം

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| എച്ച്.ഐ.വി/ എയ്ഡ്സ് സുരക്ഷ പദ്ധതിയിലെ കമ്മ്യൂണിറ്റി വർക്കർമാർ | 2011 നവംബർ - ഡിസംബർ | 2 ദിവസം | 42 | 1153 | 2306 |

**(vi) എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിൽ പുതുതായി നിയമിതരായവർക്കുള്ള പരിശീലനം**

എച്ച്.ഐ.വി/എയ്ഡ്സ് സുരക്ഷ പദ്ധതിയിൽ പുതുതായി നിയമിതരായവർക്കുള്ള പരിശീലനം കിലയിലെ എസ്.ടി.ആർ.സി സംഘടിപ്പിക്കുകയുണ്ടായി. സുരക്ഷാ പദ്ധതിയിലെ ഘടകപദ്ധതികളെക്കുറിച്ചും നടത്തിപ്പിനെക്കുറിച്ചുമുള്ള അടിസ്ഥാന വിവരങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| പുതുതുതായി നിയമിതരായവർ | 2011 ജൂൺ - 2012 ജനുവരി | 1 ദിവസം | 1 | 8 | 8 |

## 2.1.2. ദേശീയ/അന്തർദേശീയ പരിശീലനങ്ങൾ

കാര്യശേഷി വികസനത്തിൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ ദേശീയതലത്തിലും അന്തർദേശീയ തലത്തിലും അംഗീകാരം നേടുന്നതിന് കിലയ്ക്ക് ഇതിനകം കഴിഞ്ഞിട്ടുണ്ട്. അധികാര വികേന്ദ്രീകരണത്തിന്റെ കേരള മാതൃക മൂന്നാം ലോകരാജ്യങ്ങൾക്കാകെ അനുകരണീയമായ പശ്ചാത്തലത്തിൽ അധികാര വികേന്ദ്രീകരണത്തിലും പ്രാദേശികാസൂത്രണത്തിലും കേരളം കൈവരിച്ച നേട്ടങ്ങൾ നേരിൽക്കണ്ട് പഠിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും നയരൂപീകരണ വിദഗ്ദ്ധരും കിലയിൽ പഠന സന്ദർശനങ്ങൾക്കും പരിശീലനങ്ങൾക്കുമായി എത്തിച്ചേരുന്നുണ്ട്.

## (i) ദേശീയ പരിശീലനങ്ങൾ

കർണ്ണാടക, മഹാരാഷ്ട്ര, ചത്തീസ്ഗഡ്, ഗോവ, രാജസ്ഥാൻ, ജമ്മുകാശ്മീർ എന്നീ സംസ്ഥാനങ്ങളിൽ നിന്നും ലക്ഷദ്വീപിൽ നിന്നുമുള്ളവർ കിലയിൽ 2011-12 കാലയളവിൽ പരിശീലനത്തിനെത്തിയിട്ടുണ്ട്.

| ക്രമ ന. | പരിശീലന പരിപാടി | ആകെ ബാച്ചുകൾ | പരിശീലന ദൈർഘ്യം | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| 1 | കർണ്ണാടകത്തിൽ നിന്നുള്ള ഗ്രാമപഞ്ചായത്തംഗങ്ങൾക്കുള്ള പരിശീലനം | 2 | 3 | 73 | 219 |
| 2 | രാജസ്ഥാനിൽ നിന്നുള്ള ജനപ്രതിനിധി സംഘം | 1 | 3 | 24 | 72 |
| 3 | മഹാരാഷ്ട്രയിൽ നിന്നുള്ള വനിത ജനപ്രതിനിധികളുടെ സംഘം | 1 | 3 | 15 | 45 |
| 4 | രാജസ്ഥാനിൽ നിന്നുള്ള ജനപ്രതിനിധികളുടേയും യുണീസെഫ് ഉദ്യോഗസ്ഥരുടേയും സംഘം | 1 | 3 | 26 | 78 |
| 5 | ചത്തീസ്ഗഡിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥരുടെ സംഘം | 1 | 5 | 13 | 45 |
| 6 | ജമ്മുകാശ്മീർ ജനപ്രതിനിധികളുടെ പരിശീലനം | 2 | 5 | 7 | 35 |
| 7 | ലക്ഷദ്വീപിൽ നിന്നുള്ള ജനപ്രതിനിധി സംഘം | 1 | 7 | 22 | 154 |
| 8 | ഐ.എ.എസ് ഓഫീസർമാരുടെ പഠന സന്ദർശനം | 1 | 1 | 18 | 18 |
| 9 | ഗോവയിൽ നിന്നുള്ള ജനപ്രതിനിധികളുടെ പഠനസന്ദർശനം | 1 | 5 | 16 | 80 |
| 10 | എൻ. ഐ.ആർ.ഡി., യുണീസെഫ്-സി.ആർ.സി പ്രതിനിധി സംഘം | 1 | 5 | 34 | 916 |
| | ആകെ | 12 | | 248 | 916 |

## (ii) അന്തർദേശീയ പരിശീലനങ്ങൾ

ശ്രീലങ്ക, ഭൂട്ടാൻ, ഇറ്റലി എന്നീ രാജ്യങ്ങളിൽ നിന്നുള്ളവർ കഴിഞ്ഞ വർഷം കില സന്ദർശിച്ചിട്ടുണ്ട്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ശ്രീലങ്കൻ പ്രതിനിധി സംഘം | 2011 ഏപ്രിൽ - ഒക്ടോബർ | 6 | 2 | 6 | 36 |
| ഇറ്റാലിയൻ പ്രതിനിധി സംഘം | 2011 ഡിസംബർ | 1 | 1 | 21 | 21 |
| ഭൂട്ടാൻ പ്രതിനിധി സംഘം | 2011 നവംബർ | 2 | 1 | 42 | 84 |
| **ആകെ** | | **9** | **4** | **69** | **141** |

## 2.2. ഗവേഷണം

കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി പരിശീലന പരിപാടികളോടൊപ്പം ഗവേഷണ-കൺസൾട്ടൻസി പ്രവർത്തനങ്ങളും കില നിർവ്വഹിക്കുന്നു.

### 2.2.1. ജില്ലാ മാനവ വികസന റിപ്പോർട്ട് - വയനാട്

വയനാട് ജില്ലയുടെ മാനവ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവരശേഖരണത്തിന്റെ അവസാന ഘട്ടത്തിലാണ് കില. റിപ്പോർട്ട് തയ്യാറാക്കി കഴിഞ്ഞാൽ വികസന സൂചികയുടെ അടിസ്ഥാനത്തിൽ ജില്ലയുടെ പിന്നാക്കമേഖലകൾ കണ്ടെത്താനും അത് പരിഹരിക്കുന്നതിന് പ്ലാൻ തയ്യാറാക്കുന്നതിനും ഉപകരിക്കും.

### 2.2.2. മേഖലാ പരിപ്രേക്ഷ്യ പദ്ധതി (വയനാട്)

കേരളത്തിലെ പിന്നോക്ക ജില്ലകളിലൊന്നായ വയനാട്ടിലെ ജനങ്ങളുടെ സർഗ്ഗോത്മുഖമായ വികസനത്തിനുതകുന്ന മേഖല പരിപ്രേഷ്യ പദ്ധതിക്ക് വയനാട് ജില്ലാ പഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്. ഇതു പ്രകാരം ജില്ലയിലെ പിന്നോക്ക വിഭാഗങ്ങളായ വയോജനം, വനിത, ഭിന്നശേഷി, പട്ടികജാതി, പട്ടികവർഗ്ഗം എന്നിവരുടെ വിവര ശേഖരണത്തിലൂടെ വിശകലനം നടത്തി തയ്യാറാക്കുകയും ഇതുപയോഗിച്ച് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതികൾ പദ്ധതികൾക്ക് രൂപം കൊടുക്കുകയുമാണ് ഇതുകൊണ്ട് ലക്ഷ്യം വെച്ചിരിക്കുന്നത്. പ്രസ്തുത പ്രവർത്തനങ്ങളുടെ അക്കാദമിക സഹായവും മേൽനോട്ടവും പരിശീലനങ്ങളും കിലയാണ് നൽകി വരുന്നത്. ഈ പദ്ധതിപ്രകാരം മാർച്ച് 21 വരെ കിലയുടെ മേൽനോട്ടത്തിൽ നടത്തിയ പ്രവർത്തനങ്ങൾ;

1. ജില്ലാപഞ്ചായത്ത് അംഗങ്ങൾക്കും ഫാക്കൽറ്റി അംഗങ്ങൾക്കും അവബോധന ശില്പശാല
2. സർവ്വേ ഫോർമാറ്റുകൾ തയ്യാറാക്കൽ
3. ദ്വിദീയ വിവരശേഖരണത്തേക്കുറിച്ച് അംഗനവാടി ടീച്ചർമാർക്ക് പരിശീലനം
4. ദ്വിദീയ വിവരശേഖരണം

## 2.3.0. സെമിനാർ/ശില്പശാലകൾ

### 2.3.1. ഊർജ്ജസംരക്ഷണം – ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്ക് ഏകദിന ശില്പശാല

കേരളത്തിലെ ഊർജ്ജപ്രതിസന്ധിക്ക് ഗ്രാമപഞ്ചായത്തുകളുടെ ഇടപെടൽ സാധ്യതകൾ ആരായുന്നതിലേക്കായി കിലയും തിരുവനന്തപുരത്തെ എനർജി മാനേജ്മെന്റ് സെന്ററും (EMC) സംയുക്തമായി ഏകദിന ശില്പശാല സംഘടിപ്പിച്ചു. കിലയിൽ നടത്തിയ പ്രസ്തുത ശില്പശാലയിൽ കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നുള്ള ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ പങ്കെടുത്തു. ഊർജ്ജപ്രതിസന്ധി പരിഹരിക്കുന്നതിന് സൗരോർജ്ജത്തിന്റെയും ചിലവുകുറഞ്ഞ ഊർജ്ജത്തിന്റെയും സാദ്ധ്യതകൾ സംബന്ധിച്ച് ശില്പശാല ചർച്ച ചെയ്തു.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ | 2012 ഫെബ്രുവരി | 1 ദിവസം | 1 | 89 | 89 |

### 2.3.1.2. പ്രാദേശിക ഭരണത്തിൽ രാഷ്ട്രീയപാർട്ടി നേതാക്കൾക്കുള്ള പങ്ക് – രാഷ്ട്രീയപാർട്ടി നേതാക്കൾക്ക് ഏകദിന ശില്പശാല

പ്രാദേശിക ഭരണത്തിൽ രാഷ്ട്രീയപാർട്ടി നേതാക്കളുടെ പങ്കിനെക്കുറിച്ച് അവബോധം വളർത്തുകയെന്ന ലക്ഷ്യത്തോടെ വിവിധ രാഷ്ട്രീയപാർട്ടികളിലെ ജില്ലാ നേതാക്കൾക്ക് പ്രാദേശിക ഭരണത്തിൽ കില പരിശീലനം സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ ബി.ആർ.ജി.എഫ്. (വയനാട്, പാലക്കാട്) ജില്ലകളിൽ നിന്നുള്ളവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

| പരിശീലനാർത്ഥികൾ | സംഘടിപ്പിച്ച കാലയളവ് | ദൈർഘ്യം | ആകെ ബാച്ചുകൾ | പരിശീലനം | |
|---|---|---|---|---|---|
| | | | | പങ്കാളികൾ | മനുഷ്യ ദിനങ്ങൾ |
| രാഷ്ട്രീയപാർട്ടി നേതാക്കൾ | 2012 മാർച്ച് | 1 ദിവസം | 1 | 9 | 9 |

### 2.3.1.3. അധികാര വികേന്ദ്രീകരണവും മാധ്യമങ്ങളും – ഏകദിന ശില്പശാല

മാധ്യമങ്ങൾവഴി അധികാര വികേന്ദ്രീകരണത്തിന്റെ വിജ്ഞാനവ്യാപനം എന്ന ലക്ഷ്യത്തോടെ കിലയും കേരള പത്രപ്രവർത്തക യൂണിയനും സംയുക്തമായി മാധ്യമപ്രവർത്തകർക്ക് ശില്പശാല സംഘടിപ്പിച്ചു.

